©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

**അറുപത്തിയഞ്ചാമത് റിപ്പോർട്ട്**

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2014-2016)യുടെ മുപ്പത്തിയൊൻപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം  കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അറുപത്തിയഞ്ചാമത് റിപ്പോർട്ട്

(2021 ജനവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2014-2016) യുടെ മുപ്പത്തിയൊൻപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

236/2021

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | .. | 31 |
| അനുബന്ധം : II | | |
| സർക്കാർ മറുപടികളിൽ വ്യക്തമാക്കിയിരിക്കുന്ന അനുബന്ധങ്ങൾ | .. | 32 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

**ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

*2019 ഡിസംബർ മാസം 20 - ാം തീയതി നിര്യാതനായി.

*2020 മാർച്ച് മാസം 8 - ാം തീയതി നിര്യാതനായി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021)യുടെ 65-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ മുപ്പത്തിയാൻപതാമത് റിപ്പോർട്ടിലെ (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നടപ്പിലാക്കൽ സംബന്ധിച്ച് - കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2020 ഒക്ടോബർ മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ജി & എസ്. എസ്.എ.) നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 13.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ 39-ാമത് റിപ്പോർട്ടിലെ (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നടപ്പിലാക്കൽ സംബന്ധിച്ച്-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)യുടെ 39-ാമത് റിപ്പോർട്ട് 2015 ജൂലൈ മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചു. ഈ റിപ്പോർട്ടിൽ ആകെ 37 ശിപാർശകളാണുള്ളത്. പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി 16-1-2019-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധിക വിവരങ്ങൾ ആരായുകയും തുടർ ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

1.3 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി, സമിതി ആരാഞ്ഞ അധിക വിവരങ്ങൾ, തുടർ ശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

### സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർ ശിപാർശകളും

### ഖണ്ഡിക നമ്പർ 70

#### ശിപാർശ

2.1.1 കൃത്രിമങ്ങളിൽ നിന്ന് തൊഴിലാളികളെ രക്ഷിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനുമുള്ള നിർണ്ണായക രേഖയായ തൊഴിൽ കാർഡ് യഥാസമയം നൽകുന്നതിൽ വീഴ്ചയുണ്ടായതായി സമിതി വിലയിരുത്തുന്നു. ഫോട്ടോയുൾപ്പെടെ തൊഴിൽ

കാർഡിന്റെ ചെലവ് പദ്ധതിയുടെ ചെലവിന്റെ ഭാഗമായി വഹിക്കാമായിരുന്നുവെങ്കിലും വയനാട് ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാരല്ലാത്ത രജിസ്റ്റർ ചെയ്ത കുടുംബങ്ങളോട് ഫോട്ടോ സ്വന്തം ചെലവിൽ ഹാജരാക്കാൻ നിർദ്ദേശിച്ചത് ക്രമരഹിതവും മാർഗ്ഗ നിർദ്ദേശങ്ങളുടെ ലംഘനവുമാണെന്ന് മാത്രമല്ല ആയത് തൊഴിൽ കാർഡ് നൽകുന്നതിന് കാലതാമസത്തിന് ഇടവരുത്തുകയും ചെയ്തു. പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അത്തരമൊരു നിർദ്ദേശം നൽകിയത് സമിതി ഗൗരവമായി വീക്ഷിക്കുകയും ആയതിനുള്ള അടിസ്ഥാനമെന്തെന്നും ഉത്തരവാദിയാരെന്നുമുള്ള റിപ്പോർട്ട് ഒരു മാസത്തിനകം നൽകാനും 28-12-2011-ലെ തെളിവെടുപ്പുവേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് നാളിതുവരെ സമിതിക്ക് ലഭ്യമാക്കിയിട്ടില്ല. സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കാത്തതിലും നൽകിയ ഉറപ്പ് പാലിക്കാത്തതിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനും സമിതി ആവശ്യപ്പെടുന്നു. കൂടാതെ സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രാവർത്തികമാക്കുമ്പോൾ അവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ ബോധവാന്മാരായിരിക്കണമെന്നും കുറ്റമറ്റരീതിയിൽ പദ്ധതി നടപ്പാക്കപ്പെടുന്നുവെന്ന് ത്രിതലപഞ്ചായത്ത് ഭരണസമിതികളും സർക്കാരും ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.1.2 ഈ പദ്ധതി ആദ്യമായി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത ഇന്ത്യയിലെ 200 ജില്ലകളിൽ ഒന്നായിരുന്നു വയനാട്. പൈലറ്റ് ജില്ലയായതിനാൽ ഇക്കാര്യത്തിലെ അവ്യക്തതമൂലം ചില അരിഷ്ടതകൾ നേരിട്ടിരുന്നു. എന്നാൽ തുടർച്ചയായ പരിശീലനം, ബോധവൽക്കരണം എന്നിവയിലൂടെ ഇതിന് മാറ്റം വന്നിട്ടുണ്ട്. നിലവിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങളെ സംബന്ധിച്ചും ചെയ്യാവുന്ന പ്രവൃത്തികളെ സംബന്ധിച്ചും ഷെഡ്യൂൾ 12 എന്നിവയിലൂടെ വന്ന ഭേദഗതി അടക്കം ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലങ്ങളിൽ വിപുലമായ രീതിയിൽ പ്രചരിപ്പിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് വയനാട് ജില്ലയിലെ പഞ്ചായത്തുകളിൽ നിന്നും MGNREGS ഡയറക്ടർ റിപ്പോർട്ട് തേടിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിനുശേഷം ഉടൻ നടപടി സ്വീകരിക്കുന്നതാണ്.

**തുടർ ശിപാർശ**

**2.1.3 തൊഴിൽ കാർഡ് യഥാസമയം നൽകുന്നതിൽ വീഴ്ചയുണ്ടാകുന്നതുമായി ബന്ധപ്പെട്ട് സമിതി നൽകിയ ശിപാർശയിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

## ഖണ്ഡിക നമ്പർ 81

ശിപാർശ

2.2.1 പദ്ധതിയുടെ പ്രയോജനങ്ങളെ സംബന്ധിച്ച് ഗുണഭോക്താക്കളുടെ അറിവില്ലായ്മയും തൊഴിലിന് അപേക്ഷിക്കുന്നതിൽ ഏർപ്പെടുത്തിയ നിയന്ത്രണവും നിയമപ്രകാരം അർഹതയുള്ള തൊഴിലില്ലായ്മബത്ത ലഭിക്കാതിരിക്കാൻ കാരണമായെന്ന ഓഡിറ്റിന്റെ കണ്ടെത്തലിനോട് സമിതി പൂർണ്ണമായും യോജിക്കുന്നു. പദ്ധതിപ്രകാരം 100 ദിവസത്തെ തൊഴിൽ നൽകുന്നതിൽ പരാജയപ്പെടുന്ന സാഹചര്യത്തിൽ അപേക്ഷ ലഭിക്കാതെ തന്നെ തൊഴിൽ കാർഡുടമയ്ക്ക് തൊഴിലില്ലായ്മബത്ത നൽകേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നു. ഗുണഭോക്താക്കൾക്ക് നഷ്ട പരിഹാരത്തിന് അവകാശമുണ്ടായിരിക്കേ പരിശോധനാ വിധേയമായ ഗ്രാമപഞ്ചായത്തു കളിലൊന്നും തന്നെ തൊഴിലില്ലായ്മബത്ത നൽകാതിരുന്നത് സമിതി അത്ഭുതത്തോടെ വീക്ഷിക്കുന്നു. തൊഴിലില്ലായ്മ വേതനം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലെന്ന സർക്കാരിന്റെ മറുപടി പദ്ധതിയുടെ വിവിധ തലത്തിലുള്ള പാളിച്ചകളിലേയ്ക്ക് വിരൽ ചൂണ്ടുന്നു. നിലവിൽ ആവശ്യപ്പെട്ട തൊഴിലിനെ സംബന്ധിച്ച സമാഹൃത വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. തൊഴിലിന് അപേക്ഷ സമർപ്പിച്ചെങ്കിലും തൊഴിൽ നൽകാൻ കഴിയാത്ത തൊഴിൽ കാർഡുടമകൾക്ക് തൊഴിലില്ലായ്മബത്ത നൽകുന്നതിലെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.2.2 യഥാസമയം തൊഴിൽ നൽകാൻ കഴിയാത്ത സാഹചര്യത്തിൽ തൊഴിൽ ആവശ്യപ്പെട്ട കാർഡുടമക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ട്. സമാഹൃത വിവരങ്ങൾ എം.ഐ.എസ്-ൽ ഓരോ ദിവസവും അപ്ഡേറ്റ് ചെയ്ത് അർഹമായ തുക തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് സ്വയംപ്രേരിതമായി നൽകുന്നതിന് കേന്ദ്ര സർക്കാർ എം.ഐ.എസ്. സോഫ്റ്റ് വിഭാവനം ചെയ്തിട്ടുണ്ട്. തൊഴിലില്ലായ്മ വേതനം നൽകേണ്ടത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം ബി.പി.ഒ.മാരിൽ നിക്ഷിപ്തമാണ്. ഇത് സംബന്ധിച്ച കരട് ചട്ടം സർക്കാരിന്റെ പരിഗണനയിലാണ്.

16-1-2019-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

2.2.3 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലില്ലായ്മ വേതനം നൽകേണ്ട ഉത്തരവാദിത്വം ബി.പി.ഒ.മാരിൽ നിക്ഷിപ്തമാണെന്നിരിക്കെ

അത് സംബന്ധിച്ച കരട് ചട്ടം സർക്കാരിന്റെ പരിഗണനയിലാണെന്ന് അറിയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

16-1-2019-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

2.2.4 ഈ വിഷയം സംബന്ധിക്കുന്ന ഫയൽ നിയമവകുപ്പിന്റെ പരിശോധനയ്ക്കായി അയച്ചിരിക്കുകയാണെന്നും, നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

**തുടർ ശിപാർശ**

**2.2.5 സമിതിയുടെ 16-1-2019-ലെ യോഗനിർദ്ദേശപ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ച അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

## അദ്ധ്യായം III

## സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയുള്ള മറുപടികളും

**ഖണ്ഡിക നമ്പർ 59**

ശിപാർശ

3.1.1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 32-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളത് നിർദ്ദിഷ്ട സമയത്തിന്റെ നാലുവർഷം പൂർത്തിയാകുന്ന വേളയിൽ മാത്രമാണ്. സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ ഈ അസാധാരണമായ കാലതാമസം പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന ഓഡിറ്റ് നിരീക്ഷണത്തോട് സമിതി യോജിക്കുന്നു. നിയമം അനുശാസിക്കുന്ന വിധത്തിൽ, സമയബന്ധിതമായി ചട്ടങ്ങൾ രൂപവൽക്കരിച്ചിരുന്നെങ്കിൽ കൂടുതൽ കാലവിളംബമില്ലാതെ പദ്ധതി പ്രയോഗത്തിൽ വരുത്തുവാൻ കഴിയുമായിരുന്നെന്നും അത് സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനങ്ങളുടെ തൊഴിൽ സാധ്യതകൾക്ക് ചൈതന്യം പകരാൻ കഴിയുമായിരുന്നെന്നും സമിതി വിശ്വസിക്കുന്നു. ഇംഗ്ലീഷിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ചട്ടങ്ങൾ ഭാഷാപരമായ ദുർഗ്രഹതമൂലം ഗുണഭോക്താക്കൾക്ക് മനസ്സിലാക്കാൻ സാധിക്കാതെ വരുന്നുവെന്നും തന്മൂലം പദ്ധതി വിഭാവനം ചെയ്യുന്ന അവകാശങ്ങളിന്മേൽ അവർക്ക് വേണ്ടത്ര അവബോധം ഇല്ലാതെ പോകുന്നുവെന്നും സമിതി

മനസ്സിലാക്കുന്നു. ആയതിനാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തെ ആധാരമാക്കി ഇംഗ്ലീഷിൽ വിജ്ഞാപനം ചെയ്തിരിക്കുന്ന ചട്ടങ്ങൾ, മലയാളത്തിൽ പരിഭാഷപ്പെടുത്തി വിജ്ഞാപനം ചെയ്യണമെന്നും ആയത് എല്ലാ പഞ്ചായത്തുകളിലും ഗുണഭോക്താക്കൾക്ക് പരിശോധിക്കാൻ സാധിക്കുന്ന തരത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.1.2 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തെ ആധാരമാക്കി കേന്ദ്ര സർക്കാർ ഭേദഗതി വരുത്തി വിജ്ഞാപനം ചെയ്ത ഷെഡ്യൂൾ 1, 2 എന്നിവയും കേന്ദ്ര സർക്കാർ ഇതുവരെ പുറപ്പെടുവിച്ച എല്ലാ പ്രധാന നിർദ്ദേശങ്ങളും ചേർത്ത് പുറത്തിറക്കിയ മാസ്റ്റർ സർക്കുലർ മലയാളത്തിൽ പരിഭാഷപ്പെടുത്തി ഗ്രാമപഞ്ചായത്ത് തലം വരെ എത്തിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ നിർദ്ദേശങ്ങളടങ്ങിയ മാസ്റ്റർ സർക്കുലർ ഉള്ളടക്കം ചെയ്യുന്നു [അനുബന്ധം II (1)]. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 32-ാം വകുപ്പ് പ്രകാരം ചുവടെ നൽകിയിരിക്കുന്ന ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്:-

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് കൗൺസിൽ സംബന്ധിച്ച ചട്ടങ്ങൾ.

(വിജ്ഞാപനം ചെയ്ത തീയതി: 20-7-2009).

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പരാതി പരിഹാര സംവിധാനം സംബന്ധിച്ച ചട്ടങ്ങൾ (വിജ്ഞാപനം ചെയ്ത തീയതി : 22-7-2009).

3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് മാനേജ്മെന്റ് സംബന്ധിച്ച ചട്ടങ്ങൾ (വിജ്ഞാപനം ചെയ്ത തീയതി: 20/07/2009)

കേന്ദ്ര നിയമത്തിലും/പദ്ധതിയിലും കാലോചിതമായി വന്നിട്ടുള്ള മാറ്റങ്ങൾ മേൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തതിന് ശേഷം ആയവ മലയാളത്തിൽ പരിഭാഷപ്പെടുത്തി ലഭ്യമാക്കുന്നതാണ്.

**ഖണ്ഡിക നമ്പർ 60**

<u>ശിപാർശ</u>

3.2.1 ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനനുയോജ്യമാം വിധം ഗ്രാമസഭകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാംശീകരിക്കുന്നതിലുണ്ടായ പരാജയം

പദ്ധതിയുടെ ആസൂത്രണ പ്രക്രിയയിലുണ്ടായ പിഴവാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഗുണഭോക്താക്കളുടെ ആവശ്യങ്ങളും മുൻഗണനകളും, തൊഴിലിന്റെ ആവശ്യകത, പ്രവൃത്തികൾക്കുള്ള മുൻഗണന, ഭൗതിക ആസ്തികളുടെ വിവരണം, അവയുടെ സ്ഥായിയായ ഗുണഫലങ്ങൾ എന്നിവ ഉൾപ്പെടുത്താതെ വാർഷിക പദ്ധതി തയ്യാറാക്കിയത് പദ്ധതിയുടെ ഗുണഫലങ്ങൾ പ്രതീക്ഷിച്ച തോതിൽ ലഭിക്കാതെ പോകുന്നതിനിടയാക്കിയെന്ന് സമിതി വിലയിരുത്തുന്നു. മതിയായ ജനപ്രാതിനിധ്യത്തോടെ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന വാർഷിക പദ്ധതികൾ ബ്ലോക്ക് പദ്ധതികളായും അവ ക്രോഡീകരിച്ച് ജില്ലാ പദ്ധതികളായും അംഗീകരിച്ച് പദ്ധതി നിർവ്വഹണം സാധ്യമാക്കുന്നതിലൂടെ വാർഷിക പദ്ധതിയുടെ ഗുണഫലങ്ങൾ പൂർണ്ണമായും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ഒരു തുടർനിരീക്ഷണ സംവിധാനം സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.2.2 ഗുണഭോക്താക്കളുടെ ആവശ്യങ്ങളും മുൻഗണനകളും തൊഴിലിന്റെ ആവശ്യകത, പ്രവൃത്തികൾക്കുള്ള മുൻഗണന, ഭൗതിക ആസ്തികളുടെ വിവരണം, അവയുടെ സ്ഥായിയായ ഗുണഫലങ്ങൾ എന്നിവ പ്രതീക്ഷിച്ച തോതിൽ ലഭിക്കുന്നതിനായി വാർഷിക പദ്ധതിയിൽ ഗുണഭോക്താക്കളിലെ പാർശ്വവല്കൃത വിഭാഗത്തിന്റെ ആവശ്യങ്ങളും മുൻഗണനകളും പട്ടികപ്പെടുത്തി ആവശ്യമായ പ്രവൃത്തികൾ നടത്തുന്നതിന് "ശ്രദ്ധ" ക്യാമ്പയിനിലൂടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന കർമ്മ പദ്ധതി ബ്ലോക്ക്/ജില്ലാ തലങ്ങളിലെ ചർച്ചകൾക്ക് വിധേയമാക്കിയാണ് അംഗീകാരം നൽകുന്നത്. “ശ്രദ്ധ” ക്യാമ്പയിൻ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്. [അനുബന്ധം II (2)]

**ഖണ്ഡിക നമ്പർ 61**

<u>ശിപാർശ</u>

3.3.1 ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായത്തോടെ, ഓരോ വർഷവും ജില്ലയിൽ തൊഴിലിനുള്ള പ്രതീക്ഷിക്കപ്പെടുന്ന ആവശ്യകതയുടെ വിശദാംശങ്ങളും പ്രവൃത്തികളിൽ തൊഴിലാളികളെ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയും അടങ്ങുന്ന തൊഴിൽ ബഡ്ജറ്റ് തയ്യാറാക്കി മുൻവർഷം തന്നെ അംഗീകാരം നേടാതിരുന്നത് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുള്ള ആത്മാർത്ഥമായ ശ്രമം ഉണ്ടായില്ലാ എന്ന് വെളിപ്പെടുത്തുന്നു. പ്രോഗ്രാം ഓഫീസർമാരും ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരും നിർദ്ദിഷ്ടസമയത്തിനുള്ളിൽ തൊഴിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.3.2 തൊഴിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഡിസംബർ 31-ന് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തെ തൊഴിൽ ബഡ്ജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നതിനു വേണ്ടി എല്ലാ പ്രോഗ്രാം ഓഫീസർമാരും, ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാരും സമയബന്ധിതമായി തൊഴിൽ ബഡ്ജറ്റ് തയ്യാറാക്കി സംസ്ഥാന മിഷൻ ഓഫീസിൽ സമർപ്പിച്ചു വരുന്നു. ഇതിനാൽ വാർഷിക പദ്ധതി ഏപ്രിൽ 1 ന് തന്നെ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. തൊഴിൽ ബഡ്ജറ്റ് സംബന്ധിച്ച രേഖകൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്. [അനുബന്ധം II (3)]

**ഖണ്ഡിക നമ്പർ 62**

<u>ശിപാർശ</u>

3.4.1 ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ കണക്കും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിലുണ്ടായ 2.18 കോടി രൂപയുടെ പൊരുത്തക്കേട് പദ്ധതിയുടെ ഓപ്പറേഷണൽ ഗൈഡ്‌ലൈൻസ് പാലിക്കാത്തത് കൊണ്ടാണെന്ന് സമിതി വിലയിരുത്തുന്നു. നീക്കിയിരിപ്പിലെ കണക്കുകൾ കൃത്യമാക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ കണക്കും ബാങ്ക് അക്കൗണ്ടിലെ തുകയും പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 പ്രാരംഭ ഘട്ടങ്ങളിൽ കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമായിരുന്നില്ല. നിലവിൽ ഓരോ വർഷത്തെയും കണക്കുകൾ പൊരുത്തപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ കേന്ദ്രസർക്കാർ ആവശ്യാനുസരണം ഫണ്ട് ലഭ്യമാക്കാറുള്ളൂ. അക്കൗണ്ടുകൾ തമ്മിൽ പൊരുത്തപ്പെടുത്തിയതിനുള്ള രേഖകൾ അനുബന്ധം [അനുബന്ധം-II(4)] ആയി ചേർക്കുന്നു.

കണക്കുകൾ കൃത്യമാക്കാതിരുന്ന ഉദ്യോഗസ്ഥരുടെ വിവരം ശേഖരിച്ചു വരുന്നു. ഏത് സാഹചര്യത്തിലാണ് ഈ വ്യത്യാസം ഉണ്ടായത് എന്നതുൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് പാലക്കാട് ജില്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിന് ശേഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

<u>16-1-2019-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം</u>

3.4.3 പ്രസ്തുത വിഷയം സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

16-1-2019-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

3.4.4 2006-07 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രാജ്യത്ത് ഒന്നാംഘട്ടമായി ആരംഭിച്ചപ്പോൾ, സംസ്ഥാനത്ത് നിന്നും പാലക്കാട്, വയനാട് എന്നീ ജില്ലകളെ തെരഞ്ഞെടുത്തിരുന്നു. പദ്ധതി നടപ്പിലാക്കിയ ജില്ലകളിൽ ത്രിതല പഞ്ചായത്തുവഴി-ഗ്രാമ-ബ്ലോക്ക്-ജില്ല 50:30:20 എന്ന അനുപാതത്തിൽ ഫണ്ട് വിനിയോഗിക്കണം എന്നായിരുന്നു നിർദ്ദേശിച്ചിരുന്നത്. എന്നാൽ സംസ്ഥാന സർക്കാർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിൽ മാത്രമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും, നേരിട്ട് ഫണ്ട് വിനിയോഗിക്കുകയും ചെയ്തിരുന്നത്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഈ പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ട മറ്റു പിന്തുണ നല്കുകയും 100% പ്രവൃത്തികളും ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നിർവ്വഹിക്കുകയാണ് ചെയ്തിരുന്നത്. കൂടാതെ, ദേശീയതല മാർഗ്ഗരേഖയെ അടിസ്ഥാനപ്പെടുത്തി പദ്ധതി പ്രവർത്തനം തുടങ്ങിയ ആദ്യ കാലഘട്ടമായതിനാലും കേരള സംസ്ഥാനത്തിലെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾക്കനുസൃതമായി പ്രോഗ്രാം നടപ്പിലാക്കിയതിനാലും, പ്രായോഗികമായ പല ഫീൽഡുതല പ്രശ്നങ്ങളും അതാത് സമയത്ത് കണ്ടെത്തി പരിഹരിക്കപ്പെട്ടാണ് മുന്നോട്ട് നീങ്ങിയിരുന്നത്. ഒരു കേന്ദ്ര നിയമത്തിന്റെ പിന്തുണയുള്ള ഒരു പദ്ധതി ആദ്യമായി നടപ്പിലാക്കിയതിനാൽ പല പ്രായോഗിക പ്രശ്നങ്ങളും സൃഷ്ടിച്ചിരുന്നു. ഗ്രാമപഞ്ചായത്തുകളിലൂടെ ആവശ്യാനുസരണം കാലതാമസം കൂടാതെ തൊഴിലാളികൾക്ക് വേതനം വിതരണം ചെയ്യുന്നതിനുവേണ്ടി ജില്ലാതലത്തിൽ ജില്ലാ കളക്ടർ & പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ പേരിൽ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ അക്കൗണ്ട് ആരംഭിക്കുകയും, ആ അക്കൗണ്ടുകളിൽ നിന്നും അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ സമീപത്തുള്ള ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ ആരംഭിച്ച അക്കൗണ്ടുകളിലേയ്ക്ക് ഫണ്ട് അനുവദിച്ച് നല്കുകയുമാണ് ചെയ്തിരുന്നത്.

തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന പ്രകാരം 14 ദിവസത്തിനുള്ളിൽ തൊഴിലാളികൾക്ക് വേതനം ലഭ്യമാക്കുന്നതിനുവേണ്ടി, പാലക്കാട് ജില്ലയിൽ 2006-07 സാമ്പത്തിക വർഷം, പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനായി ജില്ലാ കളക്ടർ & ജില്ലാപ്രോഗ്രാം കോ-ഓർഡിനേറ്ററുടെ പേരിൽ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിലും, ജില്ലാതലത്തിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിനായി ലീഡ് ബാങ്ക് മാനേജരുടെ സഹകരണത്തോടെ ജില്ലാ കളക്ടർ District Level Bankers Committee യോഗം പലതവണ വിളിച്ചുചേർത്ത് ചർച്ചകൾ

നടത്തി ബാങ്കുകളെ തീരുമാനിക്കുകയും, പ്രസ്തുത ബാങ്കുകളിൽ തുക നിക്ഷേപിക്കുന്ന ക്രമീകരണം നടത്തുകയുമാണ് ചെയ്തത്. ജില്ലയിലെ ചില ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ പൊതുമേഖലാ ബാങ്കുകളുടെ ബ്രാഞ്ചുകൾ ഇല്ലാത്തതിനാലാണ് ഷെഡ്യൂൾഡ് ബാങ്കുകളിൽ അക്കൗണ്ടുകൾ തുടങ്ങാനുള്ള കാരണം.

2006-07 സാമ്പത്തിക വർഷത്തെ ജില്ലയുടെ ഓഡിറ്റ് റിപ്പോർട്ടിൽ യാതൊരു തുകയുടെയും Misappropriation ഉണ്ടായതായി പരാമർശിച്ചിട്ടില്ല. വകമാറ്റി ചെലവ് ചെയ്യലോ പണാപഹരണമോ, സർക്കാരിന് നഷ്ടമോ ഒന്നും തന്നെ ഉണ്ടായിട്ടില്ലെന്ന് ബോധിപ്പിക്കുന്നു. ബാങ്കിലെ അക്കൗണ്ടുകൾ റിക്കൺസൈൽ ചെയ്ത് നീക്കിയിരിപ്പ് എഴുതിയതിലെ വ്യതിയാനം ക്രമീകരിച്ചിട്ടുള്ളതാകുന്നു. ബാങ്ക് ബാലൻസാണ് ക്യാഷ് ബാലൻസിനേക്കാൾ അധികമായി നില്ക്കുന്നത് എന്നതിനാൽ പണാപഹരണം നടന്നിട്ടില്ല എന്നത് വ്യക്തമാണ്. പദ്ധതിയുടെ തുടക്കഘട്ടമായിരുന്നതിനാൽ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററെ പദ്ധതി പ്രവർത്തനത്തിനായി സഹായിക്കുന്നതിന് പര്യാപ്തമായ ജീവനക്കാരുടെ കുറവും, ജോലിയിൽ പരിചയക്കുറവും മൂലമാണ് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും ജോയിന്റ് പ്രോഗ്രാം ഓഫീസറുടെ കണക്കും തമ്മിൽ വ്യത്യാസം ഉള്ളതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കാൻ ഇടവന്നത്. തുടർന്ന് ഓഡിറ്റ് നടത്തിയിട്ടുള്ളതും, തുടർന്നുള്ള വർഷങ്ങളിൽ ടി പരാമർശങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ലാത്തതും, സർക്കാരിന് ധനനഷ്ടമുണ്ടായിട്ടില്ലാത്തതും പദ്ധതിക്കുള്ള പണം തുടർന്നും ലഭിക്കുന്നതിന് യാതൊരുവിധ തടസ്സവും ഉണ്ടായിട്ടില്ലാത്തതുമാണ്.

2006-07 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററായിരുന്ന ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ട് 7 വർഷം കഴിഞ്ഞിട്ടുള്ളതിനാൽ വകുപ്പുതല നടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

**ഖണ്ഡിക നമ്പർ 63**

<u>ശിപാർശ</u>

3.5.1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 100 ശതമാനവും കേന്ദ്ര പദ്ധതിയാണെന്നും പദ്ധതിച്ചെലവിനുള്ള തുക കേന്ദ്ര സർക്കാർ ജില്ലകൾക്കാണ് വിതരണം ചെയ്യുന്നതെന്നും ആയത് സംസ്ഥാന തലത്തിൽ വിതരണം ചെയ്യുന്ന പക്ഷം ഏതെങ്കിലും ജില്ലയിലെ ചെലവുകൾക്ക് തുക തികയാതെ വന്നാൽ ചെലവാക്കപ്പെടാതെയുള്ള തുക മാറ്റി നല്കാമെന്നുമുള്ള തെളിവെടുപ്പ് വേളയിലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശത്തോട് സമിതി യോജിക്കുന്നില്ല. മാത്രമല്ല ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചതിനു ശേഷം നാളിതുവരെ സർക്കാർ വകുപ്പുകളുടെ

ഭാഗത്തുനിന്നും ആത്മാർത്ഥമായ ഒരു സമീപനം ഉണ്ടായിട്ടില്ലെന്നും കേന്ദ്രസർക്കാർ പാസ്സാക്കുന്ന നിയമപ്രകാരം ഫണ്ട് ചെലവഴിക്കണമെന്ന വ്യവസ്ഥയിൽ യാതൊരു ആശയക്കുഴപ്പവുമില്ലെന്നും എന്നാൽ പ്രസ്തുത വ്യവസ്ഥകൾ പ്രകാരം സർക്കാർ വകുപ്പുകൾ പ്രവർത്തിക്കുന്നില്ല എന്നതാണ് പ്രശ്നമെന്നും സമിതി നിരീക്ഷിക്കുന്നു. സംസ്ഥാനതല സമിതിക്ക് പദ്ധതി നടത്തിപ്പ് പരിശോധിക്കാനും അപാകതകൾ തിരുത്തുവാനും അധികാരമുണ്ടെന്നും എന്നാൽ പ്രസ്തുത സമിതി ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നും സമിതി അഭിപ്രായപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.5.2 1-4-2015 മുതൽ സംസ്ഥാനത്തെ ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിലെ ബാങ്ക് അക്കൗണ്ടുകൾ സീറോ ബാലൻസ് അക്കൗണ്ടുകളിലാക്കി മാറ്റിയിട്ടുള്ളതിനാൽ ഇപ്പോൾ സംസ്ഥാന എസ്.ഇ.ജി.എഫ്. അക്കൗണ്ടിൽ മാത്രമാണ് ഫണ്ടുകൾ എത്തപ്പെടുന്നത്. ഈ അക്കൗണ്ടിൽ നിന്നും ഇ.ഇഫ്.എം.എസ്. വഴി മെറ്റീരിയൽ ചെലവുകളും, ഭരണ ചെലവുകളും വഹിക്കുന്നു. തൊഴിലാളികളുടെ വേതനം നിലവിൽ നാഷണൽ ഇ.എഫ്.എം.എസ്. വഴി കേന്ദ്ര സർക്കാർ നേരിട്ട് വിതരണം ചെയ്യുന്നു. നിലവിൽ ജില്ല ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ സഹകരിപ്പിച്ച് കൊണ്ട് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ (SEGC) ഒരു സാമ്പത്തിക വർഷം ചുരുങ്ങിയത് 2 യോഗങ്ങൾ എങ്കിലും കൂടാറുണ്ട്. പദ്ധതി പുരോഗതി നിരീക്ഷിക്കുന്നതിന് സമിതി ഇപ്പോൾ ഒരു ഉപസമിതിയെ നിയോഗിക്കുകയും പദ്ധതിയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

**ഖണ്ഡിക നമ്പർ 64**

<u>ശിപാർശ</u>

3.6.1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഫണ്ടിലേയ്ക്ക് കേന്ദ്ര വിഹിതമല്ലാതെ മറ്റേതെങ്കിലും ധനാഗമ മാർഗ്ഗം ഉണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.6.2 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഫണ്ടിലേയ്ക്ക് കേന്ദ്ര വിഹിതമല്ലാതെ സാധാരണ ഘടകത്തിന് അനുവദിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം മാത്രമാണ് ലഭ്യമാകുന്നത്.

**ഖണ്ഡിക നമ്പർ 65**

<u>ശിപാർശ</u>

3.7.1 പദ്ധതിപ്പണത്തിന്റെ വിനിയോഗം തൃപ്തികരമല്ല എന്ന ഓഡിറ്ററിന്റെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. വിവിധ സ്രോതസ്സുകളിൽ നിന്നും 2007 മാർച്ച് വരെ ലഭിച്ച 48.36 കോടി രൂപയിൽ 27.90 കോടി രൂപ അഥവാ ലഭ്യമായ തുകയുടെ 57.69% മാത്രം വിനിയോഗം സൂചിപ്പിക്കുന്നത് പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിലെ പരാജയമാണെന്ന് സമിതി വിലയിരുത്തുന്നു. തൊഴിലുറപ്പ് പദ്ധതി ചെലവിനായി ഓരോ ജില്ലയിലും എത്ര തുക വീതം നീക്കിയിരിപ്പുണ്ട് എന്നതിന്റെ കണക്ക് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് നാളിതുവരെ നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പദ്ധതി ചെലവിനത്തിൽ 2014 മാർച്ച് 31-ന് ഓരോ ജില്ലയിലും എന്തു തുക വീതം നീക്കിയിരിപ്പുണ്ട് എന്നതിന്റെ വിശദമായ റിപ്പോർട്ട് അടിയന്തരമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.2 നിലവിൽ അവിദഗ്ദ്ധമായ കായിക തൊഴിൽ വേതനം കേന്ദ്ര സർക്കാർ നേരിട്ട് നാഷണൽ ഇഫ്.എം.എസ്. വഴിയും സാധാരണ ഭരണ ചെലവുകൾ എസ്.ഇ.ജി.എഫ്-ൽ നിന്നും ഇ.എഫ്.എം.എസ്. വഴിയുമാണ് നൽകി വരുന്നത്. ആയതിനാൽ 31-3-2015 മുതൽ എല്ലാ ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിലെയും ബാങ്ക് ബാലൻസ് സീറോ ആക്കി നിലനിർത്തിക്കൊണ്ട് ഫണ്ട് കെട്ടിക്കിടക്കുന്നതൊഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനതല നോഡൽ ബാങ്കിൽ നിന്നും ആവശ്യാനുസരണം എഫ്.റ്റി.ഒ. മുഖേന തുക പിൻവലിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 2014 മാർച്ച് 31 വരെയുള്ള നീക്കിയിരിപ്പ് തുക സംബന്ധിച്ച റിപ്പോർട്ട് ഇതോടൊപ്പം ചേർക്കുന്നു.[അനുബന്ധം II(4)]

**ഖണ്ഡിക നമ്പർ 66**

<u>ശിപാർശ</u>

3.8.1 രജിസ്റ്റർ ചെയ്ത മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കാത്തത് ശാരീരികാദ്ധ്വാനം ആവശ്യമുള്ള തൊഴിലിന് വ്യക്തികൾ എത്താതിരുന്നതുകൊണ്ടാണെന്ന വിശദീകരണം ഭാഗികമായി അംഗീകരിക്കാവുന്നതാണ്. കേരളത്തിൽ പ്രത്യേകിച്ചും പാലക്കാട് പോലുള്ള ജില്ലകളിൽ, നെൽകൃഷി നേരിടുന്ന പ്രധാന പ്രതിസന്ധികളിലൊന്നാണ് കർഷകത്തൊഴിലാളികളുടെ അഭാവം. തൊഴിലുറപ്പ് പദ്ധതികൊണ്ട് സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ കൃഷിഭൂമിയിൽ ഉപയോഗിക്കാൻ കഴിഞ്ഞാൽ കേരളം പോലുള്ള

സംസ്ഥാനങ്ങളിലെ നെൽക്കർഷകർക്ക് ആയത് വലിയ ആശ്വാസമാകുമെന്നും നെൽകൃഷിയുടെ അഭിവൃദ്ധിക്ക് സഹായകരമാകുമെന്നും സമിതി കരുതുന്നു. ആയതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ കാർഷിക മേഖലയെക്കൂടി ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.2 കേന്ദ്ര സർക്കാരിലേയ്ക്ക് 6-1-2015 ലെ ഗ്രാമവികസന മന്ത്രിമാരുടെ യോഗത്തിൽ വെച്ച് ഈ വിഷയത്തിൽ നിർദ്ദേശം സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ അനുകൂല തീരുമാനം ലഭ്യമായിട്ടില്ല.

**ഖണ്ഡിക നമ്പർ 67**

<u>ശിപാർശ</u>

3.9.1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ വ്യവസ്ഥകൾ വിശദീകരിക്കുന്നതിനും രജിസ്ട്രേഷനുള്ള അപേക്ഷകൾ സ്വരൂപിക്കുന്നതിനും പരിശോധന നടത്തുന്നതിനും ഗ്രാമസഭകൾ വിളിച്ചു ചേർക്കാത്തത് പദ്ധതിയുടെ പ്രയോജനങ്ങളെപ്പറ്റി ഗുണഭോക്താക്കൾക്ക് അറിവ് ലഭിക്കാതെ പോകാനിടയാക്കിയതായി സമിതി നിരീക്ഷിക്കുന്നു. ഇത് പഞ്ചായത്തുകളുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.9.2 ഗ്രാമസഭയിലേയ്ക്ക് പദ്ധതിയുടെ കരട് ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നത് കുടുംബശ്രീയിലെ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായ പദ്ധതി തൊഴിലാളികളാണ്. ഒരു വാർഡിൽ ചുരുങ്ങിയത് 15 മുതൽ 20 അയൽക്കൂട്ടങ്ങൾ വരെയുണ്ടാകാം. ഓരോ അയൽക്കൂട്ടവും തയ്യാറാക്കുന്ന തൊഴിൽ ബഡ്ജറ്റും പ്രവൃത്തികളുടെ ലിസ്റ്റും ആവശ്യകത കണക്കിലെടുത്ത് ഗ്രാമസഭയിൽ ക്രോഡീകരിച്ച് അംഗീകരിക്കുന്ന പതിവാണ് ഉള്ളത്. എല്ലാ സാമ്പത്തിക വർഷവും തൊട്ടടുത്ത വർഷത്തേയ്ക്കുള്ള ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കാറുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളിൽ അയൽക്കൂട്ടതല ചർച്ച മുതൽ കേന്ദ്രസർക്കാരിന്റെ അംഗീകാരം വരെയുള്ള ഘട്ടങ്ങൾ പ്രതിപാദിച്ച് കൊണ്ടുള്ള ഒരു പ്രവർത്തന കലണ്ടർ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ പദ്ധതി അംഗീകരിക്കുന്ന ഗ്രാമസഭകൾ എല്ലായിടത്തും സംഘടിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വാർഡ് മെമ്പറുടെ നേതൃത്വത്തിലാണ് ആയത് നടപ്പിലാക്കി വരുന്നത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമസഭ വിളിച്ച് ചേർക്കുന്നുവെന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പ് വരുത്തുന്നു. ഇതിനായി 47159/ഡി.ഡി2/2013/തസ്വഭവ 24-7-2013 നമ്പർ സർക്കുലർ പ്രകാരം വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. [അനുബന്ധം II(5)]

**ഖണ്ഡിക നമ്പർ 68**

ശിപാർശ

3.10.1 പദ്ധതിയെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും സന്നദ്ധരായവരെ കണ്ടെത്തുന്നതിനും നിയമപ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ വീടുകൾതോറും നടത്തേണ്ട സർവ്വേ നാമമാത്രമായ പഞ്ചായത്തുകളിൽ മാത്രമേ നടത്തിയിട്ടുള്ളൂവെന്ന് സമിതി വിലയിരുത്തുന്നു. ഇത് പദ്ധതി കൊണ്ടുള്ള പ്രയോജനങ്ങളെപ്പറ്റി വേണ്ടത്ര അറിവ് ലഭിക്കാതിരിക്കുന്നതിനും തൊഴിൽ ആവശ്യപ്പെടുന്നതിൽ വിപരീതഫലം ഉളവാക്കിയെന്നുമുള്ള ഓഡിറ്റിന്റെ കണ്ടെത്തലിനോട് സമിതി യോജിക്കുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളും നിയമം അനുശാസിക്കുന്ന പ്രകാരമുള്ള സർവ്വേ നടത്തേണ്ടതും പദ്ധതിയെപ്പറ്റി എല്ലാ വിഭാഗം ജനങ്ങളിലും വ്യക്തമായ അവബോധം സൃഷ്ടിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.10.2 പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തെ പരിപൂർണ്ണമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി "ശ്രദ്ധ" ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു. കൂടാതെ, പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൂടുതൽ ജന പങ്കാളിത്തത്തോടെയും കാര്യക്ഷമമായും ആസൂത്രണം ചെയ്ത് സാദ്ധ്യമായത്ര ഫലപ്രാപ്തിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയ (ഐ.പി.പി.ഇ.) യിലൂടെ ജനപങ്കാളിത്തം കൂടുതൽ ഊട്ടി ഉറപ്പിച്ചുകൊണ്ട് വിവിധങ്ങളായ ഗ്രാമവികസന പദ്ധതികൾ സമന്വയിപ്പിച്ച് പാർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം പരമാവധി ഉറപ്പാക്കി വരികയാണ്. "ശ്രദ്ധ" ക്യാമ്പയിനെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[അനുബന്ധം II(6)]. IPPE യുടെ വിശദാംശം അനുബന്ധം [അനുബന്ധം(II(7)] ആയി ചേർക്കുന്നു.

## ഖണ്ഡിക നമ്പർ 69

ശിപാർശ

3.11.1 കേരളീയ സമൂഹത്തിൽ അദ്ധ്വാനപരമായ തൊഴിൽ സംസ്കാരം നഷ്ടപ്പെടുന്നുവെന്ന് സമിതി ആശങ്കപ്പെടുന്നു. പഞ്ചായത്തുകൾ രൂപം നൽകുന്ന പ്രോജക്ടുകൾ തൊഴിലന്വേഷകന് ആകർഷകമായതും തൊഴിൽ ചെയ്യാൻ പ്രേരണയുണ്ടാക്കുന്നതും തൊഴിൽ ചെയ്യാൻ മാനസികമായി ഇഷ്ടപ്പെടുന്നതുമായിരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. നല്ല ഒരു തൊഴിൽ സംസ്കാരം സൃഷ്ടിക്കുന്നതിന് പ്രോജക്ടുകൾ ഉണ്ടാക്കുന്നതിലും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിലും ഗ്രാമപഞ്ചായത്തുകൾ കൂടുതൽ ശ്രദ്ധിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. തൊഴിലുറപ്പ് പദ്ധതിക്കായി വർഷം മുഴുവനും രജിസ്ട്രേഷൻ നടത്താമെന്നിരിക്കെ പാലക്കാട് ജില്ലയിൽ 2006 ഫെബ്രുവരി 17-നും ആഗസ്റ്റിനും ഇടയിലുള്ള കാലയളവിൽ രജിസ്ട്രേഷൻ മരവിപ്പിച്ചത് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് എന്ന് സമിതി മനസ്സിലാക്കുന്നു. നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചാണ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതെന്നാണ് തെളിവെടുപ്പ് വേളയിൽ വിശദീകരണം നൽകിയത്. വയനാട് ജില്ലയിൽ ഇത്തരമൊരു നിയന്ത്രണമുണ്ടായിരുന്നില്ലെന്നും അവിടെ വർഷം മുഴുവൻ രജിസ്ട്രേഷൻ നടന്നതായും സമിതിക്ക് ബോധ്യമായി. വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് നിയന്ത്രണം സംബന്ധിച്ച അറിവില്ലായിരുന്നുവെന്ന സർക്കാരിന്റെ വിശദീകരണത്തോട് സമിതി യോജിക്കുന്നില്ല. ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കാമെന്ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകുകയും ചെയ്തിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കാത്തതിലും സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കാത്തതിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സർക്കാരിന്റെ ഒരു പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകൾ നടപ്പാക്കിയ തൊഴിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതും ജോലിയും ശമ്പളവും നൽകുന്നതുമെല്ലാം ഒരു സാധാരണ പ്രക്രിയയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണമുണ്ടാകാനിടയില്ലെന്നും അഥവാ ഉണ്ടെങ്കിൽ തന്നെ കമ്മീഷന്റെ അനുമതി വാങ്ങാമായിരുന്നതേയുള്ളൂവെന്നും സമിതി നിരീക്ഷിക്കുന്നു. ഇക്കാര്യത്തിൽ പാലക്കാട് ജില്ലയിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഗുരുതരമായ അനാസ്ഥയും വീഴ്ചയും ഉണ്ടായിട്ടുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഇക്കാര്യം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.11.2 2005-06 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് 2 ജില്ലകളായ പാലക്കാട്, വയനാട് എന്നിവിടങ്ങളിലാണ് ആരംഭിച്ചത്. ആദ്യ ഘട്ടത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിലാണ് തൊഴിലാളികളുടെ രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, ജോലിക്കായുള്ള അപേക്ഷ സ്വീകരിക്കൽ, കൂലി വിതരണം എന്നീ നടപടികൾ നിർവ്വഹിച്ച് വന്നിരുന്നത്. രജിസ്ട്രേഷൻ മുതലുള്ള പ്രധാന പ്രവർത്തനങ്ങൾ ക്യാമ്പയിൻ എന്ന രീതിയിൽ സംഘടിപ്പിക്കുവാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ 2006 ഫെബ്രുവരി മുതൽ ആഗസ്റ്റ് വരെ നിയമസഭാ തെരഞ്ഞെടുപ്പ് സമയമായതിനാൽ ക്യാമ്പയിൻ രൂപത്തിൽ രജിസ്ട്രേഷൻ നടത്തുന്നത് രാഷ്ട്രീയ പാർട്ടികളിൽ തെറ്റിദ്ധാരണയ്ക്ക് ഇടവരും എന്നതിനാൽ ക്യാമ്പയിൻ അടിസ്ഥാനത്തിലുള്ള പ്രവർത്തനം പാലക്കാട് ജില്ലയിൽ നടത്താൻ കഴിഞ്ഞിരുന്നില്ല.

ആദ്യഘട്ടത്തിൽ സംഭവിച്ച അപാകതകൾ പിന്നീട് സംസ്ഥാനത്തൊരിടത്തും തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ ആവർത്തിച്ചിട്ടില്ല. ഓരോ തെരഞ്ഞെടുപ്പ് സമയങ്ങളിലും പദ്ധതിയിലെ രജിസ്ട്രേഷനും തൊഴിൽ കാർഡ് വിതരണവും തൊഴിൽ നൽകലും കൂലി വിതരണവും ഫലപ്രദമായി നടന്ന് വരുന്നു.

ഇക്കാര്യം വ്യക്തമാക്കുന്ന MGNREGS വെബ്സൈറ്റിലെ MIS റിപ്പോർട്ട് (പാലക്കാട്, വയനാട് ജില്ലകളിലെ 2013-14 മുതൽ 2017-18 വരെയുള്ളത്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. [അനുബന്ധം II(8)]

**ഖണ്ഡിക നമ്പർ 71**

<u>ശിപാർശ</u>

3.12.1 രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന തൊഴിൽ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളെയും പ്രോഗ്രാം ഓഫീസർമാരെയും ജില്ലാ പ്രോഗ്രാം കോഡിനേറ്റർമാരെയും പ്രാപ്തരാക്കുന്ന വിധത്തിൽ ആസൂത്രണപ്രക്രിയ ശക്തിപ്പെടുത്തുന്നതിന് അനുയോജ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടികൾ</u>

3.12.2 ഈ പദ്ധതിയിലെ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വേണ്ടി ജനപ്രതിനിധികൾ, ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ഉദ്യോഗസ്ഥർ എന്നിവർക്ക് വിവിധ പരിശീലന സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ആവശ്യമായ പരിശീലന പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. നിരന്തരമായ മോണിറ്ററിംഗ് നടപടികളിലൂടെ

ഈ പ്രവർത്തനം പ്രാവർത്തികമാക്കിയെന്ന് ഉറപ്പ് വരുത്തിക്കൊണ്ടിരിക്കുന്നു. പരിശീലന പരിപാടികൾ നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ 9-11-2017, 22-12-2017 എന്നീ തീയതികളിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. [അനുബന്ധം II(9)]

**ഖണ്ഡിക നമ്പർ 72**

ശിപാർശ

3.13.1 ഭൂരിഭാഗം കാർഡുടമകളും തൊഴിലിന് അപേക്ഷിക്കാതിരുന്നത് ഗുണഭോക്താക്കൾക്കിടയിൽ മതിയായ ബോധവൽക്കരണം നൽകാതിരുന്നതിനാലാണെന്ന് സമിതി വിലയിരുത്തുന്നു. തൊഴിലിനായി രജിസ്റ്റർ ചെയ്യുന്നവരിൽ ഭൂരിഭാഗവും അഭ്യസ്തവിദ്യരായിരുന്നതിനാൽ കായികാദ്ധ്വാനത്തിന് തയ്യാറായിരുന്നില്ലായെന്ന സർക്കാർ വിശദീകരണം പദ്ധതിയുടെ നടത്തിപ്പിന്റെ വിശകലനത്തിന്റെ ആവശ്യകതയിലേയ്ക്ക് വിരൽ ചൂണ്ടുന്നതായി സമിതി നിരീക്ഷിക്കുന്നു. പദ്ധതിയിലെ ആനുകൂല്യങ്ങളും വ്യവസ്ഥകളും വ്യക്തമായി മനസ്സിലാക്കുന്നതിനുതകുന്ന വിധത്തിൽ ഓരോ കുടുംബത്തേയും ബോധവൽക്കരിക്കുന്നതോടൊപ്പം തൊഴിലന്വേഷകരെ ആകർഷിക്കുന്ന വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.13.2 കേന്ദ്ര സർക്കാർ അതാത് സമയങ്ങളിൽ നിർദ്ദേശിക്കുന്ന രീതിയിൽ കാലാനുസൃതമായ മാറ്റം പദ്ധതിയിൽ ഉൾക്കൊള്ളാറുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലെ കുടുംബങ്ങളിലെ അഭ്യസ്തവിദ്യരെ വിദഗ്ധ തൊഴിലിൽ ഏർപ്പെടുത്തുന്നതിന് കുടുംബശ്രീയുമായി സഹകരിച്ച് 'ലൈഫ് ' എന്ന പ്രോജക്ടിലൂടെ പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

**ഖണ്ഡിക നമ്പർ 73**

ശിപാർശ

3.14.1 തൊഴിലിനുള്ള അപേക്ഷ ചുരുങ്ങിയത് തുടർച്ചയായി 14 ദിവസത്തേക്കെങ്കിലും വേണ്ടിയായിരിക്കണമെന്നുണ്ടെങ്കിലും കുടുംബത്തിന്റെ ആകെയുള്ള അർഹതയ്ക്ക് വിധേയമായി ഒരാൾ അപേക്ഷിക്കുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണത്തിനോ അയാൾക്ക് നൽകിയ തൊഴിൽ ദിനങ്ങളുടെ എണ്ണത്തിനോ പരിധിയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 100 ദിവസത്തെ തൊഴിലിന് നൽകിയ അപേക്ഷകൾ 14 ദിവസം എന്നാക്കി തിരുത്തിയ നടപടി ഉചിതമായില്ലെന്ന് സമിതി വിലയിരുത്തുന്നു.

നിയമം ലംഘിച്ച് സമർപ്പിച്ച അപേക്ഷകൾ സ്വീകരിച്ചതും ശരിയായില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. തൊഴിൽ ആവശ്യമുള്ളവർ 100 ദിവസത്തെ തൊഴിലിന് അപേക്ഷിക്കുമ്പോൾ നിയമപ്രകാരം അത്രയും ദിവസത്തെ ജോലി നൽകേണ്ട ബാധ്യത ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനുണ്ട്. എന്നാൽ 100 ദിവസം ജോലി നൽകുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കാൻ ഒരു പഞ്ചായത്തിനു മാത്രമായി പലപ്പോഴും സാധിക്കാതെ വരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്തുകൾ നേരിടുന്ന അത്തരം പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരമായി തൊഴിലുറപ്പ് പദ്ധതിയുടെ പ്രോജക്ട് ശാസ്ത്രീയമായി തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.14.2 തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ആവശ്യപ്പെടുന്നത് അധിക വരുമാനം എന്നത് ലക്ഷ്യമിട്ടാണ്. കൂടുതൽ വേതനം ലഭിക്കുന്ന ജോലി ലഭ്യമല്ലാതിരിക്കുമ്പോഴോ, പ്രതികൂല കാലാവസ്ഥയിലോ ആണ് സാധാരണ ഗതിയിൽ തൊഴിൽ ആവശ്യപ്പെടുന്നത്. ആവശ്യപ്പെടുന്ന മുറയ്ക്ക് യഥാവിധി അനുയോജ്യമായ തൊഴിൽ നൽകേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. ആയതിന് ആവശ്യമായ പ്രവൃത്തികൾ നിലവിൽ ഗ്രാമപഞ്ചായത്തുകളുടെ കർമ്മ പദ്ധതിയിലൂടെ ലഭ്യമാക്കുന്നു. ഇത് കുറവാണെങ്കിൽ അധിക കർമ്മ പദ്ധതിയ്ക്ക് അംഗീകാരം വാങ്ങാവുന്നതാണ്. തൊഴിലിനുള്ള അപേക്ഷകൾ വിവിധ ഘട്ടങ്ങളിലേയ്ക്കായി 100 ദിവസം എന്ന പരിധിയിൽ നിന്നുകൊണ്ട് സമർപ്പിക്കാവുന്നതാണ്. 2014 ജനുവരി 3-ാം തീയതി തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1, 2 എന്നിവ ഭേദഗതി ചെയ്തു കൊണ്ടുള്ള കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന്റെ SO (19)E നമ്പർ വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. [അനുബന്ധം II (10)]

പദ്ധതിയുടെ പ്രോജക്ട് തയ്യാറാക്കുന്ന പ്രക്രിയ പൂർണ്ണമായും പങ്കാളിത്ത രീതിയിലാണ് നടപ്പിലാക്കുന്നത്. ഗ്രാമസഭയാണ് ഏറ്റെടുക്കേണ്ട പ്രവൃത്തികൾ നിർദ്ദേശിക്കുന്നത്. പ്രോജക്ട് ശാസ്ത്രീയമായും സമഗ്രമായും തയ്യാറാക്കുന്നതിന് നീർത്തടാധിഷ്ഠിത ആസൂത്രണ പ്രക്രിയ അവലംബിക്കുവാൻ 7-4-2009-ലെ സ.ഉ.(കൈ)നമ്പർ 49/2009/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകുകയും എല്ലാ ഗ്രാമപഞ്ചായത്തുകളിലും നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് പ്രാദേശികമായും ജില്ലാതലത്തിലും ലഭ്യമായ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇപ്രകാരം വിദഗ്ദ്ധ സമിതി രൂപീകരിക്കേണ്ടതിന്റെ ആവശ്യം കാണുന്നില്ല.

**ഖണ്ഡിക നമ്പർ 74**

ശിപാർശ

3.15.1 തൊഴിൽ ലഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ തീയതിവെച്ച രസീതുകൾ നൽകേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി ആഴ്ചയിൽ ഒരു ദിവസം തൊഴിലുറപ്പ് ദിനമായി നീക്കിവെക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഒരു പഞ്ചായത്തും ഇവ പാലിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആഴ്ചയിൽ ഒരു നിശ്ചിത ദിവസം തൊഴിലുറപ്പ് ദിനമായി നീക്കിവയ്ക്കേണ്ടതാണെന്ന നിർദ്ദേശം കർശനമായി പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.15.2 തീയതി വെച്ച രസീതുകൾ നൽകാറുണ്ട്. മാർഗ്ഗ നിർദ്ദേശപ്രകാരം ഒരു നിശ്ചിത ദിവസം റോസ്ഗാർ ദിനം (തൊഴിലുറപ്പ് ദിനം) ആചരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് സംബന്ധിച്ച സർക്കുലർ അനുബന്ധം [അനുബന്ധം II (11)] ആയി ചേർക്കുന്നു.

**ഖണ്ഡിക നമ്പർ 75**

ശിപാർശ

3.16.1 പ്രാരംഭത്തിൽ പദ്ധതി വ്യാപനത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിൽ പഞ്ചായത്തുകൾക്ക് വീഴ്ച സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. പഞ്ചായത്തുതലത്തിൽ കുടുംബശ്രീ, സി.ഡി.എസ്., സാക്ഷരതാ വാളന്റിയേഴ്സ് ഭവനങ്ങൾ സന്ദർശിച്ച് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നതായി സമിതി നിരീക്ഷിച്ചു. പദ്ധതി വിജയപ്രദമാക്കുന്നതിനായി ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ അതീവജാഗ്രതയോടെ സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. 2006-07 വർഷത്തിൽ പദ്ധതി കൈവരിച്ച നേട്ടം കേവലം 20.68 ശതമാനം മാത്രമാണെന്ന് മനസ്സിലാക്കുന്ന സമിതി, തൊഴിൽ നൽകുന്നതിലുണ്ടായ കുറവ് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ചും ഇക്കാര്യത്തിൽ കൈവരിച്ച പുരോഗതി സംബന്ധിച്ചുമുള്ള റിപ്പോർട്ട് നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.16.2 സമിതി നിരീക്ഷിച്ച പ്രകാരം തന്നെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ വിജയത്തിലെത്തുന്നുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ടതും ജനകീയവുമായ ഒരു പദ്ധതിയായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വളർന്നു കഴിഞ്ഞു. 2015-16 വർഷത്തിൽ 7,41,70,842/- തൊഴിൽ ദിനങ്ങൾ നൽകുന്നതിനായി സാധിച്ചിട്ടുണ്ട്. 2015-16 വർഷത്തെ പ്രോഗ്രസ്സ് റിപ്പോർട്ട് ഇതൊടൊപ്പം ഉള്ളടക്കം ചെയ്യുന്നു. [അനുബന്ധം II (12)].

## ഖണ്ഡിക നമ്പർ 76

ശിപാർശ

3.17.1 തൊഴിൽ അനുവദിച്ച തൊഴിൽ കാർഡുടമകളെ അറിയിക്കേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. ഇതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.17.2 തൊഴിലിനുള്ള അറിയിപ്പ് നിലവിൽ ഗ്രാമപഞ്ചായത്ത് മേറ്റുമാരെ അറിയിക്കുന്നു. ടി മേറ്റുമാർ തൊഴിലാളികളെ യഥാസമയം ഈ വിവരം അറിയിക്കുന്നു എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ അക്രഡിറ്റഡ് എഞ്ചിനീയറുടെ ചുമതലയിൽ ബന്ധപ്പെട്ട വി.ഇ.ഒ.യുടെ സാന്നിദ്ധ്യത്തിൽ പണിസ്ഥലത്ത് തൊഴിലാളികളുടെ പ്രോജക്ട് ഇനിഷിയേറ്റീവ് മീറ്റിംഗ് വിളിച്ചുകൂട്ടി പണികൾ നടത്തുന്നതിന് ആസൂത്രണം ചെയ്തു വരുന്നു. ഇപ്രകാരം തൊഴിലാളികളെ വിവരം അറിയിക്കുന്നതിന് സുവ്യക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഖണ്ഡിക നമ്പർ 77

ശിപാർശ

3.18.1 പദ്ധതി നിയമം അനുശാസിക്കുന്ന അവകാശങ്ങളേയും അർഹതകളേയും സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് പരിശീലന ക്ലാസ്സുകൾ വഴി അവബോധം നൽകാറുണ്ട് എന്ന് സർക്കാർ അവകാശപ്പെടുന്നുവെങ്കിലും ആയത് വേണ്ടത്ര ഫലപ്രദമായിരുന്നില്ലെന്ന് ഓഡിറ്റിൽ തെളിയുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. ഗുണഭോക്താക്കളുടെ അജ്ഞത തൊഴിൽ ആവശ്യപ്പെടുന്ന തോത് കുറയ്ക്കാനിടയാക്കിയെന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് അകന്നുപോയതായും സമിതി നിരീക്ഷിക്കുന്നു. നിയമം അനുശാസിക്കുന്ന അവകാശങ്ങളെയും അർഹതകളേയും സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് മതിയായ അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.18.2 മേൽത്തട്ടുമുതൽ താഴെത്തട്ടുവരെ വിവിധ ഏജൻസികൾ മുഖേനയും ഉദ്യോഗസ്ഥർ മുഖേനയും ഗുണഭോക്താക്കളുടെ അവകാശങ്ങളും അർഹതകളും സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകി വരാറുണ്ട്. ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ച അവകാശങ്ങൾ ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലങ്ങളിലെ പ്രവർത്തനതലങ്ങളിലേയ്ക്ക് എത്തിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ഇത് സംബന്ധിച്ച് വ്യക്തത കൈവരുവാനായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

**ഖണ്ഡിക നമ്പർ 78**

ശിപാർശ

3.19.1 കേരളത്തിലെ കർഷകത്തൊഴിലാളികൾക്കായി സംസ്ഥാന സർക്കാർ നിശ്ചയിച്ച കുറഞ്ഞ വേതനനിരക്കായ 125 രൂപയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കിയതെങ്കിലും അതിനേക്കാൾ താഴെയുള്ള വേതനമാണ് ഭൂരിപക്ഷം പഞ്ചായത്തുകളും നൽകിയതെന്ന് സമിതി നിരീക്ഷിക്കുന്നു. പദ്ധതിപ്രകാരമുള്ള ദിവസവേതനത്തിൽ വർദ്ധനവ് വരുത്തേണ്ടതിന് മറ്റു സമാനതൊഴിൽ മേഖലകളുമായി താരതമ്യപഠനം നടത്തി കാലാനുസൃതമായി വേതനവർദ്ധനവ് നടപ്പിലാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻകീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് കൂലി തുലോം കുറവാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ കുറഞ്ഞ കൂലി 250 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.19.2 1-4-2017-ന് വേതനം കൂട്ടിയിട്ടുണ്ട്. നിലവിലെ വേതനം 258 രൂപയാണ്. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 28-2-2018-ലെ ഗസറ്റ് നോട്ടിഫിക്കേഷന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. [അനുബന്ധം II (13)].

**ഖണ്ഡിക നമ്പർ 79**

ശിപാർശ

3.20.1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള കുറഞ്ഞ വേതനനിരക്കും വിതരണം ചെയ്ത വേതനത്തിന്റെ വിശദാംശങ്ങളും ജോലിസ്ഥലത്ത്/ഗ്രാമപഞ്ചായത്തുകളിൽ പ്രദർശിപ്പിക്കേണ്ടതാണെന്നും ഇതിനായി സ്വീകരിച്ച നടപടി റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.20.2 കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം എല്ലാ പ്രവൃത്തിസ്ഥലങ്ങളിലും സിറ്റിസൻ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കാറുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുൻപ്, പ്രവൃത്തി നടന്ന് കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തിയായതിന് ശേഷം എന്നിങ്ങനെ ഒരു പ്രവൃത്തിയുടെ 3 ഫോട്ടോകൾ Geotag ചെയ്ത് GeoMGNREGA web portal-ൽ പ്രസിദ്ധീകരിക്കാറുണ്ട്. ഇതോടൊപ്പം തന്നെ ജോലി ചെയ്ത ദിവസങ്ങളും വിതരണം ചെയ്ത വേതനവും തൊഴിലാളികളുടെ തൊഴിൽ കാർഡിൽ രേഖപ്പെടുത്തി നൽകാറുണ്ട്. സിറ്റിസൻ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കാൻ കേന്ദ്രസർക്കാർ 7-4-2017-ൽ പുറപ്പെടുവിച്ച നിർദ്ദേശത്തിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു [അനുബന്ധം II(14)].

സംസ്ഥാനത്ത് നിർദ്ദേശം പൂർണ്ണമായും നടപ്പിലാക്കിയതിന്റെ ഉദാഹരണമായി ആര്യാട് ഗ്രാമപഞ്ചായത്ത്, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്, കണ്ടശ്ശേരി ഗ്രാമപഞ്ചായത്ത്, ഇരിക്കൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സിറ്റിസൻ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ച ഫോട്ടോകളുടെ പകർപ്പും ഇതോടൊപ്പം സമർപ്പിക്കുന്നു.

**ഖണ്ഡിക നമ്പർ 80**

ശിപാർശ

3.21.1 തൊഴിൽ നൽകുന്നതിന്റെ അവിഭാജ്യഘടകമായി വേതനവിതരണത്തിലുണ്ടാകുന്ന കാലതാമസം പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യപ്രാപ്തിക്ക് വിഘാതമായതായും ഇക്കാര്യത്തിൽ ഗുരുതരമായ അനാസ്ഥ ഉണ്ടായതായും സമിതി അഭിപ്രായപ്പെടുന്നു. കൃത്യമായ വേതനവിതരണത്തിന് കുറ്റമറ്റ സമ്പ്രദായം അവലംബിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഉപചട്ടം 3(3) പ്രകാരം വേതനവിതരണം യഥാസമയം ചെയ്യാത്തതും തൊഴിൽ ചെയ്ത് പരമാവധി 14 ദിവസത്തിനകം വേതനം നൽകുന്നതിനും കാലതാമസമുണ്ടായാൽ നിയമപ്രകാരം നഷ്ടപരിഹാരം നൽകുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.21.2 തൊഴിലാളികൾക്ക് കിട്ടേണ്ട വേതനം യഥാസമയം കിട്ടുന്നതിന് മസ്റ്റർ റോൾ ക്ലോസ് ചെയ്യുന്നത് മുതൽ ചെക്ക് മെഷർമെന്റ് തുടങ്ങിയവ യഥാസമയം പൂർത്തീകരിച്ച് നിശ്ചിത സമയത്തിനകം വേതനവിതരണം പൂർത്തിയാക്കുന്നതിന് 6-2-2015-ലെ 66791/ഡിഡി2/14/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ മോണിറ്ററിങ്ങ് നടത്തിയതുമൂലം 2017-18-ൽ 97.38 ശതമാനവും, 2018-19-ൽ 98.87 ശതമാനവും വേതനം സമയബന്ധിതമായി പ്രോസസ്സ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ദേശീയ തലത്തിൽ ഇത് യഥാക്രമം 84.88 ശതമാനവും 92.27 ശതമാനവും മാത്രമാണ്.

നിലവിൽ ഗ്രാപഞ്ചായത്തുകൾ എഫ്.റ്റി.ഒ. (Fund Transfer Order) ജനറേറ്റ് ചെയ്ത് നാഷണൽ ഇ.എഫ്.എം.എസ്. മുഖേന കേന്ദ്ര സർക്കാർ അവിദഗ്ധ കായിക തൊഴിൽ വേതനം തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു. വേതനം നൽകുന്നതിൽ കാലതാമസം വന്നാൽ നിയമപ്രകാരം നഷ്ടപരിഹാരം നൽകേണ്ടതുണ്ട്. ആയത് നിലവിൽ നാഷണൽ ഇ.എഫ്.എം.എസ്. വഴി നൽകുന്നുണ്ട്.

**ഖണ്ഡിക നമ്പർ 82**

ശിപാർശ

3.22.1 വയനാട് ജില്ലയിലെ നെന്മേനി, വെള്ളമുണ്ട ഗ്രാമപഞ്ചായത്തുകളിൽ 2.20 ലക്ഷം രൂപ ചെലവാക്കി നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് കളിസ്ഥലം നിർമ്മാണം എന്ന പ്രവൃത്തി, സ്വകാര്യ സ്ഥലത്ത് നടത്തിയതെന്ന വിശദീകരണം തൃപ്തികരമായി സമിതി കാണുന്നില്ല. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും കുടിവെള്ളം ലഭ്യമാക്കുന്നതിനും കിണർ വൃത്തിയാക്കുന്നതിനുമായി പ്രോജക്ടുകൾക്ക് രൂപം നൽകി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.22.2 സംസ്ഥാനതലത്തിൽ എല്ലാ വിദ്യാലയങ്ങളിലും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുന്നത് തൊഴിലുറപ്പ് നിയമം അനുവദിക്കുന്നില്ല. പദ്ധതിയിലെ അനുവദനീയമായ പ്രവൃത്തികളിൽ വിദ്യാലയങ്ങളിൽ കുടിവെള്ള പദ്ധതി ഏർപ്പെടുത്തുന്നതും കിണർ വൃത്തിയാക്കുന്നതും ഉൾപ്പെടുന്നില്ല. ഗ്രാമസഭകൾ മുഖേന ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികളാണ് ഏറ്റെടുക്കുന്നത്. അതു പ്രകാരം തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 1-ലെ പാര 5-ൽ ഉൾപ്പെടുന്ന വിഭാഗങ്ങൾക്ക് കുഴൽ കിണർ നിർമ്മിച്ച് നൽകുന്നു.

**ഖണ്ഡിക നമ്പർ 83**

ശിപാർശ

3.23.1 പദ്ധതിക്കുവേണ്ടി അനുവദിക്കപ്പെട്ട തുകയുടെ 60 ശതമാനമെങ്കിലും അവിദഗ്ദ്ധതൊഴിൽ നൽകുന്നതിനുവേണ്ടി വിനിയോഗിക്കപ്പെടണമെന്ന പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിലെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.23.2 2017-18 സാമ്പത്തിക വർഷം 17-2-18 വരെ അവിദഗ്ദ്ധ വേതന ഇനത്തിൽ 87.37% തുക വിനിയോഗിച്ചിട്ടുണ്ട്. 2017-18-ലെ ലേബർ മെറ്റീരിയൽ അനാലിസിസിന്റെ എം.ഐ.എസ്. റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു [അനുബന്ധം. II (15)].

**ഖണ്ഡിക നമ്പർ 84**

ശിപാർശ

3.24.1 വയനാട് ജില്ലയിലെ 36 പ്രവൃത്തികളിൽ ചട്ടം അനുശാസിക്കുന്ന പ്രകാരം അളവിൽ കുറവുവരുത്താത്തതുകാരണം 1.72 ലക്ഷം രൂപയുടെ അധികച്ചെലവിനിടയാക്കി എന്നത് സമിതി ഗൗരവമായി കാണുന്നു. കൂലി കൃത്യമായി നൽകുന്നതിനുവേണ്ടിയാണ് കൂടുതൽ സാങ്കേതികത്വം സ്വീകരിക്കാതിരുന്നത് എന്ന സർക്കാർ വാദം അംഗീകരിക്കാനാവില്ല. ഗുണഭോക്താക്കൾക്ക് അർഹതയുള്ള കൂലി കൃത്യമായി നൽകുന്നതോടൊപ്പം തന്നെ സർക്കാരിന്റെ പണം ചട്ടപ്രകാരം ചെലവഴിക്കുന്നതിലും ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.24.2 ചെയ്ത പണികളുടെ അളവിന്റെ അടിസ്ഥാനത്തിൽ കൂലി നിശ്ചയിച്ചുവരുന്നു. സർക്കാരിന്റെ പണം ചട്ടപ്രകാരം മാത്രമെ ചെലവഴിക്കാവൂ എന്നുള്ള നിർദ്ദേശം എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും നൽകിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 85**

ശിപാർശ

3.25.1 മാർഗ്ഗരേഖ അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട പ്രവൃത്തികൾ അതത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആയിരിക്കണം പ്രവൃത്തികൾ നിർവ്വഹിക്കേണ്ടത്. എന്നാൽ വയനാട് ജില്ലയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിലില്ലാത്ത 78 പ്രവൃത്തികൾ നടത്തിയെന്ന് സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ പ്രസ്തുത നടപടി ഉചിതമായില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.25.2 സംസ്ഥാനത്ത് നിലവിൽ കർമ്മ പദ്ധതി അനുസരിച്ചാണ് 100% പ്രവൃത്തികളും ഏറ്റെടുക്കുന്നത്. വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രസ്തുത 78 പ്രവൃത്തികൾ ക്രമവൽക്കരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന് സമർപ്പിക്കാൻ നടപടി സ്വീകരിക്കുവാൻ വയനാട് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർക്ക് കത്ത് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിനുശേഷം വിവരം അറിയിക്കുന്നതാണെന്ന് MGNREGS ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

16-1-2019-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

3.25.3 പ്രസ്തുത വിഷയം സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ അന്തിമ റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.

16-1-2019-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

3.25.4 പദ്ധതിയുടെ ആരംഭഘട്ടമായതിനാൽ തൊഴിൽ ആവശ്യപ്പെടുന്നവർക്ക് സമയബന്ധിതമായി തൊഴിൽ നൽകുന്നതിന് അനുയോജ്യമായതും സ്ഥായിയായ ഗുണഫലങ്ങൾ പൊതുസമൂഹത്തിന് ലഭിക്കുന്നതിനുതകുന്നതുമായ പ്രവൃത്തികൾ വാർഷിക കർമ്മ പദ്ധതിയിൽ കുറവായതിനാലാണ് കർമ്മ പദ്ധതിയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ അടിയന്തരമായി ഏറ്റെടുക്കേണ്ടിവന്നത്. എന്നാൽ പിന്നീട് ഈ 78 പ്രവൃത്തികളും സപ്ലിമെന്ററി ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 86**

**ശിപാർശ**

3.26.1 വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ പ്രവൃത്തിയുള്ള സ്ഥലത്തെ സാഹചര്യങ്ങൾ, ചെയ്യേണ്ട ജോലിയുടെ വ്യാപ്തി എന്നിവയനുസരിച്ച് അടങ്കൽ തയ്യാറാക്കിയിരുന്നെങ്കിൽ ഭരണ സാങ്കേതികാനുമതികളിലെ തുകയും യഥാർത്ഥ ചെലവും തമ്മിലുള്ള അന്തരം ഭീമമാകുമായിരുന്നില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ഇത്തരം വൈരുദ്ധ്യങ്ങളൊഴിവാക്കി കൂടുതൽ കൃത്യതയും കണിശതയും പുലർത്തി വാർഷിക പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.26.2 സംസ്ഥാനത്ത് വൈദഗ്ദ്ധ്യമുള്ള സാങ്കേതിക വിഭാഗത്തിന്റെ സേവനം ഒരോ ഗ്രാമപഞ്ചായത്തിലും ലഭ്യമാണ്. വൈരുദ്ധ്യങ്ങൾ ഒഴിവാക്കി സൂക്ഷ്മത പുലർത്തി അധിക കർമ്മ പദ്ധതി തയ്യാറാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാർഷിക കർമ്മപദ്ധതി തയ്യാറാക്കുന്ന അതേ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ടാണ് അധിക കർമ്മപദ്ധതി തയ്യാറാക്കുന്നത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ സൂക്ഷ്മപരിശോധന നടത്തിയ ശേഷമാണ് അധിക കർമ്മപദ്ധതിക്ക് അംഗീകാരം നൽകുന്നത്.

തൊഴിലുറപ്പ് പദ്ധതിയിൽ ഓൺലൈനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും ഭരണ സാങ്കേതിക അനുമതികൾ ലഭ്യമാക്കുന്നതിനും സെക്യൂർ സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തുന്നതിന് 10-5-2016-ലെ സ.ഉ.(സാധാ.) നം.1640/16/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രവൃത്തിസ്ഥലം സന്ദർശിച്ച് കൃത്യമായ അളവുകൾ രേഖപ്പെടുത്തി അതിൻപ്രകാരം ചെയ്യേണ്ട പണികൾക്ക് സെക്യൂർ (SECURE) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി നടപ്പിലാക്കുകയും ചെയ്യുന്നു. പ്രവൃത്തിയുടെ 3 ഘട്ടങ്ങളിലെ ഫോട്ടോകൾ പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നിലവിൽ അപ്‌ലോഡ് ചെയ്ത് വരുന്നു. സെക്യൂർ സോഫ്റ്റ്‌വെയർ നടപ്പിൽ വന്നതിനാൽ നിലവിൽ മേല്പറഞ്ഞ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നിർവ്വഹിക്കാൻ കഴിയുന്നുണ്ട്.

**ഖണ്ഡിക നമ്പർ 87**

<u>ശിപാർശ</u>

3.27.1 അടങ്കൽ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട അത്യാവശ്യ ഘടകങ്ങൾ പോലും പരിശോധിക്കാത്തതും കണക്കിലെടുക്കാത്തതുമാണ് അടങ്കലിൽ കാണിച്ചതിനേക്കാൾ പ്രവൃത്തികളുടെ അളവ് അധികരിക്കുവാൻ ഇടയാക്കിയതെന്ന് സമിതി വിലയിരുത്തുന്നു. 'റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ' എടുത്തപ്പോൾ ഉണ്ടായ പിഴവാണ് ഇതിനു കാരണമെന്ന മറുപടി ന്യായീകരിക്കത്തക്കതല്ല. പുതുശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശം പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് നൽകാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത റിപ്പോർട്ട് എത്രയും വേഗം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പദ്ധതി പ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേകം ഷെഡ്യൂൾ നിരക്കുകൾ തയ്യാറാക്കുന്നതിലുണ്ടായ വീഴ്ച ഓരോ കുടുംബത്തിനും കുറഞ്ഞ വേതനം നൽകുന്നത് ഉറപ്പാക്കുക എന്ന പദ്ധതി ലക്ഷ്യം നേടാൻ തടസ്സമായെന്നും സമിതി വിലയിരുത്തുന്നു. പാലക്കാട്, കാസർഗോഡ് ജില്ലകളിൽ ജില്ലാ ഷെഡ്യൂൾ നിരക്കുകൾ ക്രമീകരിക്കുന്നതിനായി 'ടൈം മോഷൻ വർക്ക് സ്റ്റഡി പൈലറ്റ് ടെസ്റ്റ്" നടക്കുന്നതായി തെളിവെടുപ്പ് വേളയിൽ വെളിപ്പെടുത്തിയിരുന്നു. പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പും ആയതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.27.2 പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ റിപ്പോർട്ട് [അനുബന്ധം II(16)] ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പാലക്കാട്, കാസർഗോഡ് ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച Time and Motion Study സംസ്ഥാനത്താകെ വ്യാപിക്കുകയും അപ്രകാരം കണ്ടെത്തിയ നിരക്കുകൾ ഉടൻ തന്നെ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികളുടെ അവസാനഘട്ടത്തിലാണ്. Time and Motion Study റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടുള്ള 19-8-2017-ലെ സ.ഉ.(കൈ.) നമ്പർ 162/2017/ത. സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവും പ്രസ്തുത റിപ്പോർട്ടും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു [അനുബന്ധം II (17)].

**ഖണ്ഡിക നമ്പർ 88**

ശിപാർശ

3.28.1 ജില്ലാതലത്തിൽ അംഗീകൃത രൂപരേഖകൾ ഏകോപിപ്പിക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തുകൾ ഒരേപോലുള്ള പ്രവൃത്തികൾക്ക് ഓരോ സമയവും അനാവശ്യമായി രൂപരേഖ തയ്യാറാക്കുന്നതിനിടയാക്കിയതായി സമിതി മനസ്സിലാക്കുന്നു. ജില്ലാതലത്തിലുള്ള അംഗീകൃത രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും ആയത് സംബന്ധിച്ച വിശദാംശങ്ങളും രൂപരേഖയുടെ പകർപ്പും ലഭ്യമാക്കാമെന്നും തെളിവെടുപ്പ് വേളയിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിക്ക് നൽകിയ ഉറപ്പുകൾ നാളിതുവരെ പാലിക്കാത്തതിൽ സമിതി അതൃപ്തി പ്രകടിപ്പിക്കുന്നതോടൊപ്പം പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്നും ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.28.2 ഒരേ പോലുള്ള പ്രവൃത്തികൾക്ക് ടിപ്പിക്കൽ എസ്റ്റിമേറ്റ് പ്ലാൻ എന്നിവ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സോഫ്റ്റ് വെയർ തയ്യാറാക്കി വരുന്നു. അതിനായി എൻ.ഐ.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ചില ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കിവരുന്നു. ഇത് സംബന്ധിച്ച 10-5-2016-ലെ സ.ഉ.(സാധാ.) നമ്പർ 1640/16/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു [അനുബന്ധം II (18)].

**ഖണ്ഡിക നമ്പർ 89**

ശിപാർശ

3.29.1 തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിൽ ഒരു റോഡ് തെരഞ്ഞെടുത്ത് അതിന്റെ ഇരുവശത്തും ഔഷധ സസ്യങ്ങൾ, ഉദ്യാനച്ചെടികൾ, മറ്റ് ചെറുതണൽ വൃക്ഷങ്ങൾ എന്നിവ വച്ചുപിടിപ്പിച്ച് തോട്ടമായി പരിരക്ഷിക്കുക, തോടുകളിൽ ചെക്ക്ഡാമുകൾ നിർമ്മിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പാക്കണമെന്നും തൊഴിലാളികൾക്കാവശ്യമായ പരിശീലനം നൽകണമെന്നും ഇതിനായി കാർഷിക സർവ്വകലാശാലയുടെയും മറ്റ് ഗവേഷണ സ്ഥാപനങ്ങളുടെയും സഹായം തേടാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. സ്ഥായിയായ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ ഒരു സമിതി രൂപീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.29.2 സംസ്ഥാനത്തെ വിവിധ ഭൂപ്രദേശങ്ങളിലെ വൈവിധ്യമാർന്ന ഗ്രാമപഞ്ചായത്തുകൾ അവയ്ക്കനുസൃതമായ രീതിയിലാണ് പദ്ധതികൾ നടപ്പാക്കി വരുന്നത്. എന്നാൽ പൊതുവായ നിർദ്ദേശങ്ങളനുസരിച്ച് മണ്ണ്-ജല സംരക്ഷണത്തിനാണ് ഊന്നൽ നൽകുന്നത്. സംസ്ഥാന തലത്തിൽ ഹരിതകേരളം മിഷന്റെ കൂടി മാർഗ്ഗനിർദ്ദേശത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിതകേരളം മിഷൻ സ്ഥായിയായ വികസന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുന്നു.

## ഖണ്ഡിക നമ്പർ 90

ശിപാർശ

3.30.1 വാർഷിക പദ്ധതിയിൽ ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിക്കുകയും പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം അവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഒരു തുടർ നിരീക്ഷണ പ്രക്രിയ എന്ന നിലയിൽ ഓരോ ആറുമാസക്കാലയളവിലും നടത്തിയ എൻറിഗ പ്രവൃത്തികളുടെ വിശദമായ സാമൂഹിക ഓഡിറ്റ് നടത്താതിരുന്നത് പദ്ധതിയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിലും പൊതുവായ സാമ്പത്തിക ഉത്തരവാദിത്തം ഉറപ്പുവരുത്തുന്നതിലും സംഭവിച്ച പാളിച്ചയായി സമിതി നിരീക്ഷിക്കുന്നു. എല്ലാ ജില്ലകളിലും സാമൂഹിക ഓഡിറ്റ് കൃത്യമായി നടത്തുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും അതിൽ എത്രത്തോളം പൊതുജനപങ്കാളിത്തം ഉണ്ടായിയെന്നുമുള്ള വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സാമൂഹിക ഓഡിറ്റിംഗിനായി തയ്യാറാക്കിയ ബൃഹത് പദ്ധതി സംബന്ധിച്ച വിശദാംശങ്ങളും നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.30.2 നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി അംഗീകരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിന് ശേഷം ആസ്തി സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നു. ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സ്പെഷ്യലിസ്റ്റ്, സോഷ്യൽ ഓഡിറ്റ് എക്സ്പേർട്ട് എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സൊസൈറ്റി 2017 ഡിസംബർ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 4-3-2015-ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നം. 647/2015/ത.സ്വ.ഭ.വ. ഉള്ളടക്കം ചെയ്യുന്നു. കൂടാതെ, ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സ്പെഷ്യലിസ്റ്റ് , സോഷ്യൽ ഓഡിറ്റ് എക്സ്പേർട്ട് എന്നിവരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പുതിയ രീതിയിലുള്ള സോഷ്യൽ ഓഡിറ്റിന്റെ തുടക്കം എന്ന നിലയിൽ വെള്ളറട ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 91

ശിപാർശ

3.31.1 പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, തുടർ നിരീക്ഷണം എന്നീ ഘട്ടങ്ങളിലെ സ്വതന്ത്രമായ വിലയിരുത്തൽ നടത്തി യഥാസമയത്തെ തിരുത്തൽ പ്രക്രിയയിലൂടെ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂർത്തീകരണം സാധ്യമാക്കാമായിരുന്നു എന്ന് സമിതി വിലയിരുത്തുന്നു. ഒരു പുതിയ പദ്ധതി എന്ന നിലയിൽ എൻറിഗയുടെ ആദ്യകാലത്തെ സ്വാധീന ഫലങ്ങൾ പരിശോധിക്കാൻ വിലയിരുത്തലിന്റെ അഭാവത്തിൽ

സാധിച്ചില്ലെന്നും സമിതി നിരീക്ഷിക്കുന്നു. സെന്റർ ഫോർ റൂറൽ മാനേജ്മെന്റും ഡൽഹി യൂണിവേഴ്സിറ്റിയും വിലയിരുത്തി പഠനങ്ങൾ നടത്തിയിട്ടുള്ളതിന്റെ പകർപ്പ് സമർപ്പിക്കാമെന്നുള്ള ഉറപ്പ് പാലിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിന്റെ പകർപ്പ് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.31.2 കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്, കൊച്ചി, ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് ഡിണ്ടിഗൽ മധുരൈ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ, ഡിപ്പാർട്ട്മെൻറ് ഓഫ് പൊളിറ്റിക്കൽ സയൻസ്- യൂണിവേഴ്സിറ്റി ഓഫ് കേരള, സ്കൂൾ ഓഫ് ഇന്റർ നാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്ക്സ്- മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം എന്നീ സ്ഥാപനങ്ങൾ പദ്ധതിയുടെ സ്വാധീന ഫലങ്ങൾ വിലയിരുത്തി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 92**

ശിപാർശ

3.32.1 പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ നിശ്ചിത ശതമാനത്തിന്മേൽ പരിശോധന, വിലയിരുത്തൽ, മേലന്വേഷണം, തുടർ നിരീക്ഷണം എന്നിവ നിലവിൽ നടപ്പാക്കിവരുന്നുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.32.2 വിവിധ തലങ്ങളിൽ പ്രവൃത്തികളുടെ പരിശോധനയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 7-1-2011-ലെ സംസ്ഥാന സർക്കാരിന്റെ നമ്പർ 73945/ഡിഡി2/2010/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളും ബ്ലോക്ക് തലത്തിൽ 100 ശതമാനവും ജില്ലാതലത്തിൽ 10 ശതമാനവും സംസ്ഥാന തലത്തിൽ 2 ശതമാനവും പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ, വർഷത്തിൽ 2 പ്രാവശ്യം ഗ്രാമസഭയുടെ പരിശോധനയ്ക്കും വിധേയമാക്കുന്നുണ്ട്. ഭാവിയിൽ സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സംവിധാനം മുഖേനയും പരിശോധിക്കുന്നതാണ്.

**ഖണ്ഡിക നമ്പർ 93**

ശിപാർശ

3.33.1 തൊഴിലില്ലായ്മാ വേതനം, കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതർക്കുള്ള പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ/അഗതി പെൻഷൻ എന്നീ സാമൂഹ്യസുരക്ഷാ പദ്ധതികളുടെ അർഹതയ്ക്ക് വേണ്ടിയുള്ള വരുമാനപരിധി മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിപ്രകാരം 100 ദിവസത്തെ വേതനമായ 12,500

രൂപയിലും കുറവാകയാൽ 100 ദിവസത്തെ തൊഴിൽ ലഭിക്കുന്ന ഒരാൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകില്ല എന്ന വൈരുദ്ധ്യം പഠനവിധേയമാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.33.2 സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ വരുമാന പരിധി ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളതിനാൽ ഈ പ്രശ്നം ഇപ്പോൾ നിലവിലില്ല. [സ.ഉ. (എം.എസ്.) നമ്പർ 483/2017/ധന. തീയതി 6-11-2017]

**ഖണ്ഡിക നമ്പർ 94**

ശിപാർശ

3.34.1 എൻറിഗ (nrega)യുടെ സ്വാധീനം സംബന്ധിച്ച് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ വിശകലനം ചെയ്യുകയും അതിന്റെയടിസ്ഥാനത്തിലുള്ള അഭിപ്രായം രൂപീകരിച്ച് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.34.2 വിവിധ ഏജൻസികളുടെ പഠന റിപ്പോർട്ട് പ്രകാരവും തൊഴിലുറപ്പ് കൗൺസിലുകളിലെ ചർച്ചകളുടെ അടിസ്ഥാനത്തിലും 8-1-2015-ന് ബഹു. കേന്ദ്ര ഗ്രാമവികസന മന്ത്രി മുമ്പാകെ മെമ്മോറാണ്ടം നൽകിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 95**

ശിപാർശ

3.35.1 ഓഡിറ്റ് ഖണ്ഡികയിലെ നിഗമനങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്നതാണെന്നും ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ ഉറപ്പ് നൽകിയിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെ പ്രസ്തുത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ നിഗമനങ്ങളിന്മേലും ശിപാർശകളിന്മേലും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി നൽകണമെന്നും സമിതി ആവശ്യപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.35.2 കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ നിഗമനങ്ങൾ/ ശിപാർശകളിന്മേൽ (ഖണ്ഡിക 3.1.19) സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന [അനുബന്ധം II (19)].

കെ.സുരേഷ് കുറുപ്പ്,

തിരുവനന്തപുരം, *അദ്ധ്യക്ഷൻ,*

202, ജനുവരി 13. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

<u>അനുബന്ധം-I</u>

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ തുടർ ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/ വകുപ്പ് | നിഗമനങ്ങൾ/തുടർ ശിപാർശകൾ |
|---|---|---|---|
| 1. | 2.1.3 | തദ്ദേശ സ്വയംഭരണം | തൊഴിൽ കാർഡ് യഥാസമയം നൽകുന്നതിൽ വീഴ്ചയുണ്ടാകുന്നതുമായി ബന്ധപ്പെട്ട് സമിതി നൽകിയ ശിപാർശയിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു |
| 2. | 2.2.5 | തദ്ദേശ സ്വയംഭരണം | സമിതിയുടെ 16-1-2019-ലെ യോഗ നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ച അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു |